<u>15 -ാം കേരള നിയമസഭ</u>

<u>4 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2540</u> <u>17-03-2022 - ൽ മറുപടിയ്ക്ക്</u>

<u>കെ.എസ്.എഫ്.ഇ. യുടെ പുതിയ പദ്ധതികൾ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി | | null<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് കാരണം ഇപ്പോഴും സാമ്പത്തിക പ്രതിസന്ധി നേരിടുന്നവർക്കായി കെ.എസ്.എഫ്.ഇ. പുതിയ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | കോവിഡ് കാലത്ത് പ്രവാസജീവിതം അവസാനിച്ച് തിരിച്ചെത്തി നാട്ടിൽ സംരംഭങ്ങൾ തുടരാൻ ഉദ്ദേശിക്കുന്നവർക്ക് വേണ്ടിയുള്ള പ്രവാസി ഭദ്രതാ മൈക്രോ സ്കീം എന്ന പദ്ധതി ഇപ്പോൾ നോർക്ക റൂട്ട്സിന്റെ സഹകരണത്തോടെ സജീവമായി നടപ്പാക്കി കൊണ്ടിരിക്കുന്നു. ഇതുപ്രകാരം 5 ലക്ഷം രൂപ വരെയുള്ള വായ്പയാണ് ഗുണഭോക്താവിന് ലഭിക്കുക. മൂലധന സബ്സിഡി ആയി വായ്പാ തുകയുടെ 25% (പരമാവധി ഒരു ലക്ഷം രൂപ വരെ) ഗുണഭോക്താവിന് ലഭിക്കുന്നതാണ്. 3% പലിശ സബ്സിഡിയും ലഭിക്കും. പലിശ സബ്സിഡി കഴിച്ച് 6% പലിശ മാത്രമേ ഗുണഭോക്താവ് വഹിക്കേണ്ടതുള്ളൂ. കെ.എസ്.എഫ്.ഇ യിലെ ചിട്ടി ഇടപാടുകാർക്ക് 2020 മാർച്ച് 21 മുതൽ 2021 ഒക്ടോബർ 26 വരെയുള്ള കാലയളവിൽ കുടിശ്ശികയായതും വിളിച്ചെടുക്കാത്തതുമായ അക്കൗണ്ടുകൾക്ക് ചിട്ടിത്തവണ സംഖ്യയിലെ പലിശ പൂർണ്ണമായി ഒഴിവാക്കി കൊടുത്തു. കുടിശ്ശിക വരുത്തിയ വിളിച്ചെടുത്ത ചിട്ടി ഇടപാടുകാർക്ക് ഈ കാലയളവിൽ പിഴപ്പലിശ ഒഴിവാക്കി കൊടുത്തതിനു പുറമെ അർഹമായ വീതപ്പലിശയും നൽകി. പിഴപ്പലിശ ബാധകമായ എല്ലാ വായ്പാ പദ്ധതികളുടെയും 2020 മാർച്ച് 21 മുതൽ 2021 ഒക്ടോബർ 26 വരെയുള്ള കാലയളവിലെ തവണകൾക്ക് പിഴപ്പലിശ ഒഴിവാക്കി നൽകിയിട്ടുള്ളതാണ്. കുടിശ്ശിക നിവാരണ സമാശ്വാസ പദ്ധതിയായി 2019-20 സാമ്പത്തിക വർഷത്തിൽ പ്രഖ്യാപിച്ച 'സുവർണ്ണജൂബിലി ഇളവ്-2019' എന്ന ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി (ഉപാധികളോടെ പലിശ തുകയിൽ 25 ശതമാനം മുതൽ 75 ശതമാനം വരെ പലിശയിളവോടെ) 15.03.2020 വരെയാണ് നിലവിലുണ്ടാ- യിരുന്നത് എങ്കിലും കോവിഡ്-19 മഹാമാരിയുടെ വ്യാപനത്തെ |

| | | | |
|---|---|---|---|
| | | | തുടർന്ന് ഈ പദ്ധതിയുടെ കാലാവധി 30.06.2020 വരെ ദീർഘിപ്പിക്കുകയാണുണ്ടായത്. കോവിഡ് വ്യാപനം രൂക്ഷമായതിനെ തുടർന്ന് 'ആശ്വാസ്-2020' എന്ന പേരിൽ സർക്കാർ അനുമതിയോടെ ആരംഭിച്ച പുതിയ ഒറ്റത്തവണതീർപ്പാക്കൽ പദ്ധതി പ്രകാരം ഉപാധികളോടെ റവന്യൂ റിക്കവറി നടപടികൾ നേരിടുന്ന അക്കൗണ്ടുകൾക്ക് പലിശ തുകയിൽ 80 ശതമാനം വരെയും, റവന്യൂ റിക്കവറി ആകാത്ത കുടിശ്ശിക അക്കൗണ്ടുകൾക്ക് 90 ശതമാനം വരെയും പലിശയിളവ് അനുവദിച്ചും സർക്കാർ കളക്ഷൻ ചാർജ്ജ് ഒഴിവാക്കിയും കുടിശ്ശിക തീർപ്പാക്കുന്നതിന് അവസരം നൽകിയിരുന്നു. ഈ പദ്ധതിയുടെ കാലാവധി 01.07.2020 മുതൽ 26.10.2021 വരെയായിരുന്നു. കോവിഡ്-19 മഹാമാരിയുടെ വ്യാപനം കുറയാത്ത സാഹചര്യം കണക്കിലെടുത്ത് 14.11.2021 ലെ സ.ഉ (സാ.ധാ) നം. 764/2021/നി.വ പ്രകാരം 'ആശ്വാസ്-2021' എന്ന പുതിയ ഒറ്റത്തവണതീർപ്പാക്കൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം കുടിശ്ശികയുടെ കാലപ്പഴക്കം അനുസരിച്ച് ഉപാധികളോടെ പലിശ തുകയിൽ 60 മുതൽ 90 ശതമാനം വരെ ഇളവും സർക്കാർ കളക്ഷൻ ചാർജ്ജ് ഒഴിവാക്കിയും കുടിശ്ശിക തീർപ്പാക്കുവാൻ അവസരമുണ്ട്. ഈ പദ്ധതിയുടെ കാലാവധി 31.03.2022 വരെയാണ്. |
| (ബി) | കോവിഡ് സാഹചര്യത്തിൽ ചിട്ടി കുടിശ്ശികയായവർക്ക് എന്തെല്ലാം ഇളവുകളാണ് നൽകിയിട്ടുള്ളത്; വിശദീകരിക്കാമോ? | (ബി) | കോവിഡ് കാലത്ത് പ്രവാസജീവിതം അവസാനിച്ച് തിരിച്ചെത്തി നാട്ടിൽ സംരംഭങ്ങൾ തുടരാൻ ഉദ്ദേശിക്കുന്നവർക്ക് വേണ്ടിയുള്ള പ്രവാസി ഭദ്രതാ മൈക്രോ സ്കീം എന്ന പദ്ധതി ഇപ്പോൾ നോർക്ക റൂട്ട്സിന്റെ സഹകരണത്തോടെ സജീവമായി നടപ്പാക്കി കൊണ്ടിരിക്കുന്നു. ഇതുപ്രകാരം 5 ലക്ഷം രൂപ വരെയുള്ള വായ്പയാണ് ഗുണഭോക്താവിന് ലഭിക്കുക. മൂലധന സബ്സിഡി ആയി വായ്പാ തുകയുടെ 25% (പരമാവധി ഒരു ലക്ഷം രൂപ വരെ) ഗുണഭോക്താവിന് ലഭിക്കുന്നതാണ്. 3% പലിശ സബ്സിഡിയും ലഭിക്കും. പലിശ സബ്സിഡി കഴിച്ച് 6% പലിശ മാത്രമേ ഗുണഭോക്താവ് വഹിക്കേണ്ടതുള്ളൂ. കെ.എസ്.എഫ്.ഇ യിലെ ചിട്ടി ഇടപാടുകാർക്ക് 2020 മാർച്ച് 21 മുതൽ 2021 ഒക്ടോബർ 26 വരെയുള്ള കാലയളവിൽ കുടിശ്ശികയായതും വിളിച്ചെടുക്കാത്തതുമായ അക്കൗണ്ടുകൾക്ക് ചിട്ടിത്തവണ സംഖ്യയിലെ പലിശ പൂർണ്ണമായി ഒഴിവാക്കി കൊടുത്തു. കുടിശ്ശിക വരുത്തിയ വിളിച്ചെടുത്ത ചിട്ടി ഇടപാടുകാർക്ക് ഈ കാലയളവിൽ പിഴപ്പലിശ ഒഴിവാക്കി കൊടുത്തതിനു പുറമെ അർഹമായ വീതപ്പലിശയും നൽകി. |

| | | | | |
|---|---|---|---|---|
| | | | | പിഴപ്പലിശ ബാധകമായ എല്ലാ വായ്പാ പദ്ധതികളുടെയും 2020 മാർച്ച് 21 മുതൽ 2021 ഒക്ടോബർ 26 വരെയുള്ള കാലയളവിലെ തവണകൾക്ക് പിഴപ്പലിശ ഒഴിവാക്കി നൽകിയിട്ടുള്ളതാണ്. കുടിശ്ശിക നിവാരണ സമാശ്വാസ പദ്ധതിയായി 2019-20 സാമ്പത്തിക വർഷത്തിൽ പ്രഖ്യാപിച്ച ‘സുവർണ്ണജൂബിലി ഇളവ്-2019’ എന്ന ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി (ഉപാധികളോടെ പലിശ തുകയിൽ 25 ശതമാനം മുതൽ 75 ശതമാനം വരെ പലിശയിളവോടെ) 15.03.2020 വരെയാണ് നിലവിലുണ്ടാ- യിരുന്നത് എങ്കിലും കോവിഡ്-19 മഹാമാരിയുടെ വ്യാപനത്തെ തുടർന്ന് ഈ പദ്ധതിയുടെ കാലാവധി 30.06.2020 വരെ ദീർഘിപ്പിക്കുകയാണുണ്ടായത്. കോവിഡ് വ്യാപനം രൂക്ഷമായതിനെ തുടർന്ന് ‘ആശ്വാസ്-2020’ എന്ന പേരിൽ സർക്കാർ അനുമതിയോടെ ആരംഭിച്ച പുതിയ ഒറ്റത്തവണതീർപ്പാക്കൽ പദ്ധതി പ്രകാരം ഉപാധികളോടെ റവന്യൂ റിക്കവറി നടപടികൾ നേരിടുന്ന അക്കൗണ്ടുകൾക്ക് പലിശ തുകയിൽ 80 ശതമാനം വരെയും, റവന്യൂ റിക്കവറി ആകാത്ത കുടിശ്ശിക അക്കൗണ്ടുകൾക്ക് 90 ശതമാനം വരെയും പലിശയിളവ് അനുവദിച്ചും സർക്കാർ കളക്ഷൻ ചാർജ്ജ് ഒഴിവാക്കിയും കുടിശ്ശിക തീർപ്പാക്കുന്നതിന് അവസരം നൽകിയിരുന്നു. ഈ പദ്ധതിയുടെ കാലാവധി 01.07.2020 മുതൽ 26.10.2021 വരെയായിരുന്നു. കോവിഡ്-19 മഹാമാരിയുടെ വ്യാപനം കുറയാത്ത സാഹചര്യം കണക്കിലെടുത്ത് 14.11.2021 ലെ സ.ഉ (സാ.ധാ) നം. 764/2021/ നി.വ പ്രകാരം ‘ആശ്വാസ്-2021’ എന്ന പുതിയ ഒറ്റത്തവണതീർപ്പാക്കൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം കുടിശ്ശികയുടെ കാലപ്പഴക്കം അനുസരിച്ച് ഉപാധികളോടെ പലിശ തുകയിൽ 60 മുതൽ 90 ശതമാനം വരെ ഇളവും സർക്കാർ കളക്ഷൻ ചാർജ്ജ് ഒഴിവാക്കിയും കുടിശ്ശിക തീർപ്പാക്കുവാൻ അവസരമുണ്ട്. ഈ പദ്ധതിയുടെ കാലാവധി 31.03.2022 വരെയാണ്. |

സെക്ഷൻ ഓഫീസർ